# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6310 20/11/2019-ൽ മറുപടിയ്ക്ക്

**' കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള ആനുകൂല്യം '**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സജി ചെറിയാൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) അറുപത് വയസ്സ് പൂർത്തീകരിച്ചവർക്ക് കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് നൽകാനുള്ള അംശാദായ ആനുകൂല്യം ഇനിയും നൽകുവാനുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2011 ജനുവരി മുതൽ 2,54,298 അപേക്ഷകളിലായി 241 കോടിയോളം രൂപ അതിവർഷാനുകൂല്യമിനത്തിൽ കുടിശ്ശികയായിരുന്നു. മുൻ സർക്കാർ ഈയിനത്തിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് യാതൊരു സാമ്പത്തിക സഹായവും അനുവദിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 100 കോടി രൂപയും അടക്കം 130 കോടി രൂപ പ്രത്യേക ധനസഹായമായി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആയത് ഉപയോഗിച്ച് 2011 ഏപ്രിൽ മുതൽ 2013 ഡിസംബർ വരെയുള്ള ഒരു ലക്ഷത്തോളം അപേക്ഷകളിൽ അതിവർഷാനുകൂല്യ കുടിശ്ശിക നൽകാൻ ബോർഡിന് സാധിക്കുന്നതാണ്. |
| (ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത ആനുകൂല്യം തിരികെ നൽകുവാനുളള എത്ര അപേക്ഷകരുണ്ടെന്ന് അറിയിക്കാമോ; | (ബി) ആലപ്പുഴ ജില്ലയിൽ 2019 സെപ്റ്റംബർ വരെ 23,631 അപേക്ഷകർക്ക് ആനുകൂല്യം നൽകാനുണ്ട്. |
| (സി) ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത ആനുകൂല്യം ലഭിക്കുവാനുള്ള അപേക്ഷകരുടെ കണക്ക് വിശദമാക്കാമോ? | (സി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ കമ്പ്യൂട്ടർ വൽക്കരണം നടത്തിയിട്ടില്ലാത്തതിനാൽ ഓരോ വില്ലേജ് / പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ അറിയാൻ നിലവിൽ സംവിധാനമില്ല. |

സെക്ഷൻ ഓഫീസർ